"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം — വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീ.എസ്.ജയശ്രീ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരായി സമർപ്പിച്ച പുനഃപരിശോധനാ അപേക്ഷ - നിരസിച്ച് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.560/2022/LSGD തീയതി,തിരുവനന്തപുരം, 09-03-2022

---

പരാമർശം:-
1. 14.02.2021തീയതിയിലെ സ.ഉ(സാധാ) നം.428/2021/തസ്വഭവ നമ്പർ ഉത്തരവ്.
2. വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീ.എസ്.ജയശ്രീ സമർപ്പിച്ച 09.06.2021 തീയതിയിലെ പുനഃപരിശോധനാഅപേക്ഷ
3. നഗരകാര്യഡയറക്ടറുടെ 30.11.2021 തീയതിയിലെ വി3-9531/2017 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് അതോറിറ്റി (ജി.സി.ഡി.എ) റോഡ് വികസനത്തിനായി ശ്രീ.ഇമ്മാനുവേൽ ലോറൻസ് എന്നയാളിൽ നിന്നും ഏറ്റെടുത്തിരുന്ന സ്ഥലങ്ങളിൽ ഒരു മീറ്ററോളം സ്ഥലം ശ്രീ.ഇമ്മാനുവേൽ ലോറൻസ് കയ്യേറി ബഹുനില കെട്ടിടം പണിത് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണിച്ച് ശ്രീ.ജോണി ജോസഫ് എന്നയാൾ 18/06/2013 ൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് പരിശോധന നടത്തുകയുണ്ടായി. കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീമതി.എസ്.ജയശ്രീ, ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച ശ്രീ.ജോണി ജോസഫ് എന്നയാളുടെ പരാതിയിന്മേലുള്ള നഗരസഭ ഫയലായ കെ.ആർ.പി2-415/14 നമ്പർ ഫയലിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയെന്ന് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ടിയാൾക്കെതിരേ അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടിയാരി സമർപ്പിച്ച മറുപടിയിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണറിപ്പോർട്ടിന്റേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആരോപണവിഷയത്തിൽ ടിയാരി സമർപ്പിച്ച മറുപടി തൃപ്തികരവുമല്ല എന്ന് കണ്ട് ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക്

തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ.എസ്.ജയശ്രീ പരാമർശം 2 പ്രകാരം സമർപ്പിച്ച പുനഃപരിശോധനാഹർജിയിലെ വാദങ്ങൾ പ്രകാരം ശ്രീ.ജോണി ജോസഫ് ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി സമർപ്പിച്ചിട്ടുള്ളത് 18/06/2013 ൽ ആണെന്നും ടി പരാതി വൈറ്റില മേഖല ഓഫീസ് ലഭിച്ചിട്ടുള്ളത് 30/01/2014 ൽ ആണെന്നും ആയത് 05/02/2014 ൽ കൈമാറ്റം ചെയ്തിട്ടുണ്ടെന്നും 04/03/2011 ൽ നോട്ടീസ് നൽകുന്നതിന് ഉത്തരവിട്ട് ടിയാരിയ്ക്ക് ലഭിക്കുകയും അന്ന് തന്നെ നോട്ടീസ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും ലോക്കൽ ഡെലിവറി സാധിക്കാതെ വന്നതിനാൽ 06/03/2014 ൽ തപാൽ മാർഗ്ഗം അയച്ചുനൽകുകയും ചെയ്തിരുന്നുവെന്നും ആയതിനാൽ ടിയാരിയുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലായെന്നും അറിയിക്കുന്നു. കൂടാതെ ടി കാലയളവിൽ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലംമാറി പോവുകയും ടിയാളുടെ സീറ്റിനടുത്തായി സോളാർ പാനൽ ബാറ്ററി സ്ഥാപിക്കുകയും ചെയ്തതിൽ ഫയൽ അവിടെ നിന്നും മറ്റൊരു സ്ഥലത്ത് മാറ്റിവച്ച സമയത്ത് പരാമർശിത ഫയൽ മിസ് പ്ലെയ്സ് ആവുകയും ചെയ്തുവെന്നും പിന്നീട് 23/06/2014 ൽ തുടർനടപടികൾക്കായി പുതിയ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് ഫയൽ സമർപ്പിക്കുകയും 08/08/2014 ൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് 01/09/2014 ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ടിയാരി അറിയിക്കുന്നു.

3. ശ്രീ.എസ്.ജയശ്രീയുടെ പുനഃപരിശോധനാഹർജിയിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ KRP2 സെക്ഷൻ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.എസ്.ജയശ്രീ ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭ്യമായ പരാതിയുമായി ബന്ധപ്പെട്ട ഫയലിൻമേൽ 04/03/2014 മുതൽ 28/06/2014 വരെയുള്ള തീയതികൾക്കിടയിലുള്ള 3 മാസക്കാലം തുടർനടപടി സ്വീകരിക്കാതിരിക്കുന്നതിന് ടിയാരിയുടെ ഭാഗത്തു നിന്നും സംഭവിച്ചിട്ടുള്ള വീഴ്ചയാണ് എന്നും ആയത് വളരെ ലാഘവത്തോടെ വീക്ഷിക്കുവാൻ കഴിയുന്നതല്ല. ടിയാരിയുടെ ഭാഗത്ത് നിന്നും സംഭവിച്ച വീഴ്ചയ്ക്ക് ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ള ലഘു ശിക്ഷ ഇളവ് ചെയ്ത് നൽകുവാൻ പര്യാപ്തമായ വാദമുഖങ്ങളോ പുതിയ വസ്തുതകളോ ടിയാരി സമർപ്പിച്ച പുനഃപരിശോധനാഹർജിയിൽ ഇല്ലാത്തതാണ്.

4. മേൽ സാഹചര്യത്തിൽ അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ, വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീ.എസ്.ജയശ്രീ സമർപ്പിച്ച പുനഃപരിശോധനാഹർജി പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

വ
1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.എസ്.ജയശ്രീ , ക്ലാർക്ക്, ടൗൺ പ്ലാനിംഗ് വിഭാഗം , വൈറ്റില സോണൽ ഓഫീസ് കൊച്ചി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

3. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ